* 635 [680] ശ്രീ. കെ. വി. കുര്യൻ:

,, വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽകോളേജുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ. വി. പ്രഭാകരൻ):

(എ, ബി) കേരളത്തിലെ ഓരോ മെഡിക്കൽ കോളേജും ഗവൺമെൻറിന്റെ നിയന്ത്രണത്തിന് വിധേയമായിസ്വതന്ത്രമായി പ്രവർത്തിക്കുന്ന ഓരോ സ്ഥാപനങ്ങളാണ്. എന്നാൽ സർവ്വീസ് സംബന്ധമായ കാര്യങ്ങളിലും (അതായത്, ഉദ്യോഗക്കയറ്റം, സ്ഥലം മാറ്റം മുതലായവ) മെഡിക്കൽ കോളേജുകളിൽ വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച കാര്യങ്ങളിലും തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഒരു കോ-ഓർഡിനേറ്റർ എന്ന നിലയിൽ പ്രവർത്തിച്ചു വരുന്നു.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പഞ്ചായത്തു ജീവനക്കാരുടെ നിവേദനം

1073 [1716] ശ്രീ. എസ്. ത്യാഗരാജൻ:

,, കല്ലട നാരായണൻ:

,, എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) പഞ്ചായത്തു ജീവനക്കാർ തങ്ങളുടെ അവകാശങ്ങൾ ഉന്നയിച്ചുകൊണ്ട് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിവേദനത്തിലൂടെ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) അതിനെന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) പഞ്ചായത്ത് ജീവനക്കാർ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഈ ആവശ്യങ്ങളെ സംബന്ധിച്ച് പഞ്ചായത്ത് ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്തശേഷം വേണ്ട നടപടികൾ എടുക്കുന്നതാണ്.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly